"ഭരണഭാഷ മാതൃഭാഷ"

WEC4-9294/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 06.07.2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534.

വനിത ശിശു വികസന ഡയറക്ടർ,

എല്ലാ ജില്ല വനിതാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർ മാർക്കും, District ICDS Cell
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ്- സ്ത്രീ സുരക്ഷയ്ക്കായുള്ള ക്യാമ്പയിൻ- ICDS സൂപ്പർവൈസർമാർക്ക് പരിശീലനം സംഘടിപ്പിക്കുന്നത് സംബ.

സൂചന: 1. 17.06.2021 തീയതിയിലെ സ.ഉ.(സാ.ധാ)നം.318/2021/സാ.നീ.വ. നം സർക്കാർ ഉത്തരവ്.

2. വനിതാ ശിശു വികസന ഡയറക്ടറുടെ അധ്യക്ഷതയിൽ 24.06.2021 തീയതിയിൽ കൂടിയ മീറ്റിംഗ്.

3. 01.07.2021 തീയതിയിലെ ഇതേ നമ്പർ കത്ത്.

സ്ത്രീ സുരക്ഷ സംബന്ധിച്ച് പൊതുജനങ്ങൾ, വകുപ്പ് ഉദ്യോഗസ്ഥർ, എന്നിവർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി **05.07.2021 മുതൽ 12.07.2021 തീയതി വരെ എല്ലാ ICDS** സൂപ്പർവൈസർമാർക്കുമായി ഓൺലൈൻ ആയി ഏകദിന പരിശീലനം നൽകുന്ന വിവരം സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ ICDS സൂപ്പർവൈസർമാർക്കുള്ള പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

എന്നാൽ പരിശീലനത്തിൽ പങ്കെടുക്കുന്ന ICDS സൂപ്പർവൈസർമാർ വീഡിയോ ഓൺ ചെയ്യാത്തതായും, ചർച്ചയിൽ സജീവമായി പങ്കെടുക്കാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പ് തലത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള വിപുലമായ ക്യാമ്പയിന്റെ ഭാഗമായി നടത്തുന്ന പരിശീലന പരിപാടിയിൽ ICDS സൂപ്പർവൈസർമാർക്ക് നിരവധി ചുമതലകൾ നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിന്റെ മുന്നോടിയായാണ് ഈ പരിശീലനം നൽകുന്നത്. ആയതിൽ ഇപ്രകാരം നിരുത്തരവാദപരമായി പങ്കെടുക്കുന്നത് അംഗീകരിക്കാനാവില്ല.

**ഈ സാഹചര്യത്തിൽ ICDS സൂപ്പർവൈസർമാർ അവരവരുടെ പേര്, ഓഫീസിന്റെ പേര് എന്നിവ ചാറ്റ് ബോക്സിൽ രേഖപ്പെടുത്തി ചർച്ചയിൽ സജീവമായി പങ്കെടുക്കണമെന്ന് ഒരിക്കൽക്കൂടി നിർദേശിക്കുന്നു. പരിപാടിയിലുടനീളം വീഡിയോ ഓൺ ചെയ്തിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം absent ആയി കണക്കാക്കുന്നതാണ്. ഡയറക്ടറേറ്റ് തലത്തിൽ ഈ പരിശീലന പരിപാടി റെക്കോർഡ് ചെയ്യുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ നടപടിയിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.**

സൂചന(3) നിർദേശം പ്രകാരം പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ ഹാജർ പ്രോഗ്രാം ഓഫീസർതലത്തിൽ രേഖപ്പെടുത്തി ജില്ല ഓഫീസർക്ക് നൽകേണ്ടതും ജില്ലഓഫീസർ ആയത് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Sende

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി